<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268</u> <u>05-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ചികിത്സാ തുക ക്രമീകരിക്കൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പന്തളം NSS പോളിടെക്നിക്കിലെ ട്രേഡ്സ്മാൻ ആയ ശ്രീ. ജയറാം എ., തന്റെ ക്യാൻസർ ചികിൽസാർത്ഥം അനുവദിച്ച 5 ലക്ഷം രൂപയുടെ പലിശരഹിതവായ്പ ക്രമീകരിക്കുന്നതിന്റെ ഭാഗമായി സമർപ്പിച്ച 9,03,757/- രൂപയുടെ ബില്ലുകളിൽ 3,73,413/- രൂപയുടെ ബില്ലുകൾ മാത്രം ക്രമീകരിക്കുകയും ബാക്കി നിരസിക്കുകയും 1,26,587/- രൂപ തിരിച്ചടയ്ക്കുകയും ചെയ്യണമെന്ന് ഉത്തരവായതിന് കാരണം വിശദമാക്കാമോ; | (എ) | പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജിലെ ട്രേഡ്സ്മാൻ ആയ ശ്രീ.ജയറാം.എ ക്ക് ക്യാൻസർ ചികിത്സാർത്ഥം 13/10/2016 -ൽ പലിശ രഹിത വായ്പ അനുവദിച്ചിരുന്നു. പലിശരഹിത വായ്പ അനുവദിക്കുന്നതിന് മുമ്പുള്ള ബില്ലുകൾ പലിശരഹിത ചികിത്സാവായ്പ ക്രമീകരിക്കുന്നതിന് പരിഗണിക്കാൻ നിർവ്വാഹമില്ല. IFMA അനുവദിക്കുന്നതിനു മുൻപുള്ള ബില്ലുകളും, ശേഷമുള്ള ബില്ലുകളും വെവ്വേറെയായി, DHS/DMO പരിശോധിച്ച് അനുവദനീയമായ തുക വെവ്വേറെ റിപ്പോർട്ട് ചെയ്തതിന് ശേഷം, IFMA അനുവദിക്കുന്നതിന് മുൻപുള്ള ബില്ലുകൾ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായും, ശേഷമുള്ള ബില്ലുകൾ IFMA ക്രമീകരിക്കുന്നതിനായും ലഭ്യമാക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സാങ്കേതി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി. അവിടെ നിന്നും ലഭ്യമാക്കിയ ന്യൂനത പരിഹരിച്ച ബില്ലുകൾ പരിശോധിച്ച് 3,73,413/- രൂപ പലിശ രഹിത വായ്പയായി അനുവദിച്ച 5,00,000/- രൂപയിൽ ക്രമീകരിച്ച് ബാക്കി തുകയായ 1,26,587/- രൂപ തിരിച്ചു പിടിക്കാനും നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | ടിയാൻ ഈ വിഷയത്തിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജിലെ ട്രേഡ്സ്മാൻ ആയ ശ്രീ.ജയറാം.എ ക്ക് ക്യാൻസർ ചികിത്സാർത്ഥം 13/10/2016 -ൽ പലിശ രഹിത വായ്പ അനുവദിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | പലിശരഹിത വായ്പ അനുവദിക്കുന്നതിന് മുമ്പുള്ള ബില്ലുകൾ പലിശരഹിത ചികിത്സാവായ്പ ക്രമീകരിക്കുന്നതിന് പരിഗണിക്കാൻ നിർവ്വാഹമില്ല. IFMA അനുവദിക്കുന്നതിനു മുൻപുള്ള ബില്ലുകളും, ശേഷമുള്ള ബില്ലുകളും വെവ്വേറെയായി, DHS/DMO പരിശോധിച്ച് അനുവദനീയമായ തുക വെവ്വേറെ റിപ്പോർട്ട് ചെയ്തതിന് ശേഷം, IFMA അനുവദിക്കുന്നതിന് മുൻപുള്ള ബില്ലുകൾ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായും, ശേഷമുള്ള ബില്ലുകൾ IFMA ക്രമീകരിക്കുന്നതിനായും ലഭ്യമാക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സാങ്കേതി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി. അവിടെ നിന്നും ലഭ്യമാക്കിയ ന്യൂനത പരിഹരിച്ച ബില്ലുകൾ പരിശോധിച്ച് 3,73,413/- രൂപ പലിശ രഹിത വായ്പയായി അനുവദിച്ച 5,00,000/- രൂപയിൽ ക്രമീകരിച്ച് ബാക്കി തുകയായ 1,26,587/- രൂപ തിരിച്ചു പിടിക്കാനും നിർദ്ദേശം നൽകിയിരുന്നു. |
| (സി) | ടിയാൻ സമർപ്പിച്ച ബില്ലുകൾ പുനഃപരിശോധിച്ച് വായ്പ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ടിയാൻ സമർപ്പിച്ച ബില്ലുകൾ പുനഃപരിശോധനക്കായി സർക്കാരിൽ ലഭ്യമാക്കുന്ന പക്ഷം പരിശോധിച്ച് വായ്പാ തുക ക്രമീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപപ് നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ